5938
28/5/15-

**കേരള സർക്കാർ**

സംഗ്രഹം

വനം - വന്യജീവി വകുപ്പ് - പട്ടയ ഭൂമിയിൽ നിന്നും ആഞ്ഞിലിയും പ്ലാവും മുറിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ. (എം.എസ്.)നം.40/2015/വനം തീയതി, തിരുവനന്തപുരം, 27.05.2015.

---

**പരാമർശം ;-**
1. 15.03.1993-ലെ സ.ഉ.(എം.എസ്.)നം.23/93/വനം നമ്പർ ഉത്തരവ്..
2. 19.05.1993-ലെ സ.ഉ.(എം.എസ്.)നം.36/93/വനം നമ്പർ ഉത്തരവ്.
3. 08.02.2012-ലെ 1171-ഇനം 3 നമ്പർ മന്ത്രിസഭായോഗ തീരുമാനം.
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സംരക്ഷണം) -ന്റെ 30.04.2015-ലെ പ്രൊ.(6)4909/13 നമ്പർ കത്ത്.

**ഉത്തരവ്**

സൂചന(1)-ൽ പരാമർശിച്ചിട്ടുള്ള 15.03.1993-ലെ സ.ഉ.(എം.എസ്.) നം.23/93/വനം പ്രകാരം വനഭൂമിയിൽ നിലവിൽ പട്ടയം ലഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ പട്ടയക്കാർക്കും ഗിരിജൻ സെറ്റിൽമെന്റുകളിൽ വസിക്കുന്ന ഗിരിജനങ്ങൾക്കും 11 ഇനങ്ങളിൽപ്പെട്ട മരങ്ങൾ മുറിച്ചെടുത്ത് ഉപയോഗിക്കുവാൻ അനുവാദം നൽകിയിരുന്നു. ഇതിൽ പ്ലാവും ആഞ്ഞിലിയും മുറിക്കുന്നതിനുള്ള അനുമതി 19.05.1993-ലെ സ.ഉ.(എം.എസ്.)നം.36/93/വനം പ്രകാരം നിർത്തലാക്കുകയും ചെയ്തിരുന്നു. പട്ടയ ഭൂമിയിൽ നിന്നും കൈവശ ഭൂമിയിൽ നിന്നും മരം മുറിക്കുന്നതു സംബന്ധിച്ച് വിവിധ മേഖലകളിൽ നിന്നും പരാതികൾ ഉണ്ടാവുകയും പരാമർശം (3) -ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം 01.01.1977 -നു മുമ്പുള്ള കേസുകളിൽ ജോയിന്റ് വെരിഫിക്കേഷന് ശേഷം പട്ടയം കൊടുത്തിട്ടുള്ള ഭൂമി റവന്യൂ ഭൂമിയായി കണക്കാക്കേണ്ടതാണെന്നും പട്ടാദാറിനു ഭൂമി കൈമാറ്റം ചെയ്യാനുള്ള അവകാശം ഉൾപ്പെടെയുള്ള പൂർണ്ണ അവകാശം നൽകുന്നതിനും പട്ടയം നൽകിയിട്ടുള്ള ഭൂമിയിൽ മരങ്ങൾ (ചന്ദനമരം) ഒഴികെ പട്ടാദാർ വില ഒടുക്കിയിട്ടുണ്ടെങ്കിൽ ഒടുക്കുന്ന മുറയ്ക്ക് മുറിച്ചു മാറ്റുന്നതിന് നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി അനുമതി നൽകാവുന്നതാണ് എന്നും തീരുമാനിച്ചിരുന്നുവെങ്കിലും നിലവിലുള്ള ചട്ടങ്ങൾ ഭേദഗതി ചെയ്യാതെ ഇക്കാര്യങ്ങൾ പ്രായോഗികമാക്കാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിന് സർക്കാർ സത്വര നടപടികൾ സ്വീകരിച്ചു വരുകയാണ്. എന്നാൽ ചട്ടങ്ങൾ ഭേദഗതി

വരുത്തുന്നതിനു കാലതാമസം നേരിടുമെന്നതിനാൽ 19.05.1993-ലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി പട്ടയഭൂമിയിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി മരങ്ങൾ റവന്യൂ, വനംവകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്കു വിധേയമായി മുറിച്ചു മാറ്റുന്നതിന് അനുമതി നൽകുന്നതിന് സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് പരാമർശം (3) പ്രകാരം ശുപാർശ ചെയ്തു.

പ്രസ്തുത ശുപാർശ അംഗീകരിച്ചു കൊണ്ട് വനം, റവന്യൂ ഉദ്യോഗസ്ഥരുടെ അനുമതിയ്ക്ക് വിധേയമായി പട്ടയഭൂമിയിൽ നിന്നും ആഞ്ഞിലിയും, പ്ലാവും മുറിക്കുവാൻ അനുമതി നൽകി 19.05.1993-ലെ സ.ഉ.(എം.എസ്.)നം.36/93/വനം നമ്പർ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു. ഇതനുസരിച്ച് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**പി. മാരപാണ്ഡ്യൻ,,**
പ്രിൻസിപ്പൽ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്. തിരുവനന്തപുരം
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരം.
നിയമവകുപ്പ് ( 4468/ലെജ്.ജി1/15/നിയമം അനൗദ്യോഗിക കുറിപ്പ്)
വെബ് & മീഡിയ സെക്ഷൻ.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.-ന്
ബഹു. വനംവകുപ്പു മന്ത്രിയുടെ പി.എസ്.-ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്.